**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ അരിവാൾ രോഗികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി മേഖലകളിലെ അരിവാൾ രോഗികൾക്ക് വകുപ്പ് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | **വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം. 8 ജില്ലകളിലായി ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവരപ്രകാരം നിലവിൽ 930 സിക്കിൾസെൽ അനീമിയ രോഗികളാണുള്ളത്. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യമരുന്നുകളും, പോഷകാഹാരങ്ങളും വാങ്ങുന്നതിനായി പ്രതിമാസം 2500/- രൂപ നിരക്കിൽ 2225-02-282-92 (പ്ലാൻ) ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ ഭക്ഷ്യസഹായ പദ്ധതി പ്രകാരമുള്ള പോഷകാഹാര കിറ്റും നൽകുന്നുണ്ട്.<br><br>സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപ വരെ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നം.199/2024/പജപവവിവ തീയതി, 16/03/2024 പ്രകാരം പദ്ധതി ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | അരിവാൾ രോഗികൾക്ക് ഭക്ഷ്യക്കിറ്റ് മുടങ്ങുന്നതും പെൻഷൻ സമയത്ത് ലഭിക്കാത്തതും ദിവസവും കഴിക്കുന്ന ഹൈഡ്രോക്സിയൂറിയ ഉൾപ്പെടെയുള്ള ഗുളികകൾ കൃത്യസമയത്ത് ലഭിക്കാത്തതും മൂലം ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾ ദുരിതത്തിലാണെന്ന ഗൗരവകരമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ